II.ഇ.ബി. XII-കേരള നിയമസഭ/XI-10

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 6, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

30 ( T* 271) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 30-06 -2009-വരെ 1,033,797 കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയുടെ മാർഗ്ഗരേഖകൾ പ്രകാരം ഒരു ജില്ലയിലെ അംഗത്വം ചേർക്കൽ തുടങ്ങി ആറാം മാസം പൂർത്തീകരിച്ചിരിക്കണം. ഇതനുസരിച്ച് ആലപ്പുഴ ജില്ലയിൽ 2009 മെയ് 31-നും തൃശൂർ, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ 2009 ജൂൺ 30-നും അംഗത്വം ചേർക്കൽ അവസാനിച്ചു. മറ്റു ജില്ലകളിൽ 2009 ജൂലൈ 31-ന് അംഗത്വം ചേർക്കൽ പൂർത്തിയാകും. ബി.പി.എൽ. സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ ലിസ്റ്റനുസരിച്ച് അംഗത്വം എടുപ്പിക്കുന്ന പ്രക്രിയ ആരംഭിക്കുന്നതാണ്. എന്നാൽ തുടർ പദ്ധതിയെന്ന നിലയിൽ enrolment നടപടികൾ നിർത്തിവെക്കാനാവില്ല. ബി.പി.എൽ. പട്ടികയുടെ പോരായ്മകൾ

പരിഹരിക്കുന്നത് ഒരു തുടർ പ്രക്രിയയിൽകൂടിയാണ്. അനർഹരെ ഒഴിവാക്കാൻ ഇപ്പോൾത്തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തിയിട്ടുണ്ട്. അർഹതയുള്ളവരെയെല്ലാം ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും ത്വരിതഗതിയിൽ സ്വീകരിക്കുകയാണ്. 2007-ലെ പുതുക്കിയ ബി.പി.എൽ. ലിസ്റ്റ് സി.ഡിറ്റ് മുഖേന കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുത്ത് ആർ.എസ്.ബി.വൈ. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയാണ് ഇതിനുള്ള നടപടി സ്വീകരിക്കുന്നത്. പുതിയ ബി.പി.എൽ. സർവ്വേ പൂർത്തീകരിക്കുന്നതോടുകൂടി അനർഹരായവരെ ഒഴിവാക്കുന്നതിനും അർഹരായവരേയും മത്സ്യത്തൊഴിലാളി കുടുംബങ്ങൾ, എസ്.സി./എസ്.ടി. കുടുംബങ്ങൾ, ആശ്രയ കുടുംബങ്ങൾ എന്നിവരേയും ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഏതാണ്ട് 26 ലക്ഷത്തിൽപ്പരം കുടുംബങ്ങൾ ഇതിന്റെ പരിധിയിൽ വരും. ഇതിന്റെ 75 ശതമാനം ചെലവ് കേന്ദ്ര ഗവൺമെന്റും ബാക്കിയുള്ള 25 ശതമാനം ചെലവ് സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കുന്നത്. സാമ്പത്തികശേഷിയില്ലാത്ത കുടുംബങ്ങളിൽ അപ്രതീക്ഷിതമായോ അല്ലാതെയോ ഉണ്ടാകുന്ന അസുഖങ്ങൾക്ക് ചികിത്സ നേടാൻ സാമ്പത്തികമായി കഷ്ടപ്പെടേണ്ട അവസ്ഥ ലഘൂകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന. ഇതുപ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള തൊഴിലാളി കുടുംബങ്ങൾക്ക് പ്രതിവർഷം 30,000/- രൂപയുടെ ഇൻഷ്വറൻസ് ചികിത്സാ സഹായം നൽകും. പ്ലാനിംഗ് കമ്മീഷന്റെ മാനദണ്ഡപ്രകാരമുള്ള

ബി.പി.എൽ. പട്ടികയിലെ കുടുംബാംഗങ്ങളാണ് ഈ പദ്ധതിയുടെ ഗുണ ഭോക്താക്കൾ. സംസ്ഥാന ഗവൺമെന്റ് ഈ പദ്ധതി വിപുലപ്പെടുത്തുകയും പ്ലാനിംഗ് കമ്മീഷൻ മാനദണ്ഡപ്രകാരമുള്ള കുടുംബങ്ങൾക്കുപുറമെ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാനദണ്ഡപ്രകാരമുള്ള ബി.പി.എൽ. കുടുംബങ്ങൾക്കും എ.പി.എൽ. കുടുംബങ്ങൾക്കും ബാധകമാക്കി ഇത് പുന:സംഘടിപ്പിക്കുകയുണ്ടായി. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് (സി.എച്ച്.ഐ.എസ്.) കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെയും കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയും (ആർഎസ്.ബി.വൈ), സംസ്ഥാന സർക്കാർ പദ്ധതിയായ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും (Comprehensive Health Insurance Scheme-CHIS) സംസ്ഥാനത്ത് ഒന്നായി നടപ്പാക്കി വരികയാണ്. ബി.പി. എൽ കുടുംബങ്ങൾ (കേന്ദ്രമാനദണ്ഡവും സംസ്ഥാന മാനദണ്ഡവും ഉൾപ്പെടെ) 30/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് പദ്ധതിയിൽ ചേരാവുന്ന താണ്. ഈ രണ്ട് ലിസ്റ്റിലും ഉൾപ്പെടാത്തവർക്ക് ഒരു വർഷം 506 രൂപ പ്രീമിയം അടച്ച് ഈ പദ്ധതിയിൽ ചേരാവുന്നതാണ്. ഈ പദ്ധതിയിൽ ചേരു ന്നവർക്ക് 30,000/- രൂപ വരെ സൗജന്യ ചികിത്സാ ചെലവ് ലഭ്യമാക്കുന്നതിനു പുറമെ അപകടത്തിൽ മരണപ്പെടുന്ന കുടുംബനാഥൻ/നാഥയ്ക്ക് 25,000/- രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കും. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എസ്.ബി.വൈ.യുടെ മാർഗ്ഗരേഖകൾ തന്നെയാണ് ഇപ്പോൾ സി.എച്ച്.ഐ.എസ്.നും അവലംബിച്ചിട്ടുള്ളത്. കേരളത്തിൽ ഗവൺമെന്റ് ആശുപത്രികൾക്കുപുറമെ 134 സ്വകാര്യ ആശുപത്രികളെ ഇതിൽ എമ്പാനൽ ചെയ്യുകയും വിപുലമായ പബ്ലിസിറ്റി നൽകി പരമാവധി കുടുംബങ്ങൾക്ക്

ഇതിന്റെ പ്രയോജനം ലഭ്യമാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നുണ്ട്. വളരെ പാവപ്പെട്ട കുടുംബങ്ങൾക്ക് ഓരോ ചികിത്സയ്ക്കുമുള്ള തുക വർദ്ധിപ്പിച്ച് പരമാവധി സഹായം കൊടുക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ക്ഷേമനിധി ബോർഡുകളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും സഹായത്തോടെ എ.പി.എൽ. വിഭാഗത്തിലെ സാധാരണക്കാർക്കുകൂടി ഇതിന്റെ പ്രയോജനം ലഭ്യമാക്കാൻ കഴിയുന്നതാണ്. 30,000 രൂപയിൽ അധികം വരുന്ന ചികിത്സയ്ക്ക് ഗവൺമെന്റ് ആശുപത്രികളെ ആശ്രയിക്കാൻ കഴിയും. പുറത്തുനിന്നും മരുന്ന് വാങ്ങുന്നതിനും ലബോറട്ടറി ടെസ്റ്റുകൾക്കും വേണ്ടിവരുന്ന തുകയും അതിനുപുറമെ ഒരു പ്രാവശ്യം ആശുപത്രിയിൽ പോകുന്നതിന് 100 രൂപമുതൽ പരമാവധി 1000 രൂപവരെയും ഈ പദ്ധതിയിൽപ്പെട്ട കുടുംബങ്ങൾക്ക് നൽകുന്നതാണ്. ഈ പദ്ധതി വഴി ലഭിക്കുന്ന തുക സർക്കാർ ആശുപത്രികളുടെ ഉന്നമനത്തിനുവേണ്ടി വിനിയോഗിക്കുന്നതാണ്. പാവപ്പെട്ടവർക്ക് എല്ലാവിധ സംരക്ഷണവും ലഭിക്കുന്ന വിധത്തിലുള്ള ഒരു സബ്സിഡൈസ്ഡ് പദ്ധതിയാണിത്. പ്ലാന്റേഷൻ മേഖലയിലുള്ളവർക്ക് പരിധിയില്ലാതെ ചികിത്സ ലഭ്യമാക്കുന്നതിനായി അവർക്കുകൂടി ഇ.എസ്.ഐ. ബാധകമാക്കുന്നതിനുള്ള പരിശ്രമം ആരംഭിച്ചിട്ടുണ്ടെന്നും സഭയെ മന്ത്രി അറിയിച്ചു.

31 (* 272) <u>സർവ്വീസ് സഹകരണ സംഘം ഭരണസമിതികളിലെ സ്ത്രീ പ്രാതിനിധ്യം</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, ഇപ്പോൾ സഹകരണ സംഘങ്ങളിലെ ഭരണ സമിതികളിൽ നിലവിൽ ഒരു വനിതാ അംഗത്തെ തെരഞ്ഞെടുക്കുന്ന തിന് വ്യവസ്ഥയുണ്ടെന്നും ആയത് രണ്ടാക്കി വർദ്ധിപ്പിക്കുന്നതിന് 1969-ലെ

കേരള സഹകരണ സംഘം നിയമത്തിൽ നിലവിലുള്ള ഒരു വനിതാ അംഗം എന്നത് ഭേദഗതി വരുത്തുന്നതിനുള്ള കരടു ബിൽ സർക്കാരിന്റെ പരിഗണന യിലാണെന്നും സഭയെ അറിയിച്ചു. പുതിയ അനുഭവങ്ങളുടേയും ആവശ്യങ്ങളുടേയും അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ സമഗ്രമായ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് സഹകരണ വകുപ്പും നിയമവകുപ്പും വിശദമായി പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ബിൽ ഈ സമ്മേളനത്തിൽത്തന്നെ നിയമസഭയിൽ അവതരിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അപ്പെക്സ്, സെൻട്രൽ സഹകരണ സംഘങ്ങളുടെ ഭരണ സമിതിയിലേയ്ക്ക് സഹകാരികളെ നാമനിർദ്ദേശം ചെയ്യുന്നതിന് 1969-ലെ കേരള സഹകരണസംഘം നിയമത്തിൽ വകുപ്പ് 31 പ്രകാരം വ്യവസ്ഥയുണ്ട്. കൂടാതെ അർബൻ ബാങ്കുകളുടെ ഭരണ സമിതികളിൽ രണ്ടിൽ കുറയാത്ത സീറ്റുകളിലേയ്ക്ക് ബാങ്കിംഗ് അല്ലെങ്കിൽ പ്രൊഫഷ ണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരെ നാമനിർദ്ദേശം ചെയ്യുന്നതിന് വ്യവസ്ഥയുൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്. ഇപ്പോൾ അർബൻ സഹകരണ ബാങ്കുകളിലെ ഭരണ സമിതികളിലേയ്ക്ക് ബാങ്കിംഗ്/പ്രൊഫഷ ണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരെ പ്രത്യേകം ക്ഷണിതാക്കളായി വിളിക്കുന്നതിന് പൊതുനിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടു വിച്ചിട്ടുണ്ട്. സഹകരണ സംഘം ഭരണ സമിതി അംഗങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംഘം പ്രസിഡന്റുമാർക്കും ഭരണ സമിതി അംഗങ്ങൾക്കും സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിലുള്ള അഗ്രിക്കൾച്ച റൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, സംസ്ഥാന സഹകരണ യൂണിയൻ എന്നിവി

ടങ്ങളിൽ ആവശ്യമായ പരിശീലനം ഇപ്പോൾ നൽകുന്നുണ്ട്. കൂടാതെ ജില്ലാ സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്ക് എന്നിവിടങ്ങളിലെ ഭരണ സമിതി അംഗങ്ങൾക്ക് റിസർവ്വ് ബാങ്കും, നബാർഡും പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. എച്ച്.ഡി.സി./ജെ.ഡി.സി. കോഴ്സുകളുടെ സിലബസ്സിലും സഹകരണ സംഘം ജീവനക്കാരുടെ പരിശീലനത്തിലും കാലികമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതു സംബന്ധിച്ച് പഠിച്ച് ആവശ്യമായ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. സഹകരണ നവരത്നം ലോട്ടറിയിൽ നിന്നുള്ള തുകയിൽ നിന്നും രണ്ടുകോടി രൂപ മാറ്റിവച്ച് അവശതയനുഭവിക്കുന്ന സഹകാരികൾക്ക് ചികിത്സാ സഹായം നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. സഹകരണ നവരത്നം ലോട്ടറിയിൽ നിന്നും മൂന്നരക്കോടി രൂപയുടെ സഹായങ്ങളും വികസന പരിപാടികളും വനിതാ സഹകരണ സംഘങ്ങൾക്ക് പ്ലാൻ ചെയ്തിട്ടുണ്ട്. ഭരണസമിതി തെരഞ്ഞെടുപ്പിനുശേഷം വേക്കന്റാകുന്ന സീറ്റുകൾ സംബന്ധിച്ച് ബന്ധപ്പെട്ട സമിതി റസല്യൂഷൻ പാസ്സാക്കിക്കൊടുത്താൽ ജോയിന്റ് രജിസ്ട്രാർ അതുസംബന്ധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഒരേ സമയം ഒന്നിലധികം സംഘങ്ങളുടെ തെരഞ്ഞെടുപ്പ് വരികയാണെങ്കിൽ അത് ഒരുമിച്ചുനടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. 49,000 കോടി രൂപയുടെ നിക്ഷേപമുള്ള കേരളത്തിലെ സഹകരണ മേഖലയിൽ ജനാധിപത്യം നിലനിർത്തിക്കൊണ്ട് പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പ സംബന്ധിച്ച് കണക്ക് ലഭ്യമാകുന്ന മുറയ്ക്ക് അവ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കേന്ദ്രഗവൺമെന്റിന്റെ ഇ.പി.എഫ്. വിട്ടുകിട്ടിയാൽ തൊഴിൽ വകുപ്പ് ഒട്ടും താമസിയാതെ നോട്ടിഫിക്കേഷൻ ഇറക്കി സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതാണെന്നും പി.എസ്.സി.യിലുള്ളതുപോലെ സഹകരണ സംഘങ്ങളിൽ എല്ലാ വിഭാഗങ്ങൾക്കും സംവരണം നടപ്പിലാക്കുന്നകാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

32 (*273) കയർമേഖലയുടെ സമഗ്ര വികസനം

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കയർമേഖലയുടെ സമഗ്ര വികസനത്തിനും ഉന്നമനത്തിനുമായി യന്ത്രവൽക്കരണം, വൈവിദ്ധ്യവൽക്കരണം, സുശക്തമായ മാർക്കറ്റിംഗ് ശൃംഖല എന്നിവ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സഹകരണ മേഖല, കുടുംബശ്രീ, പി.ഡി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ആരംഭിക്കുന്ന മില്ലുകൾക്ക് 75% പരമാവധി 20.25 ലക്ഷം രൂപ ഗ്രാന്റായി നൽകി വരുന്നു. സ്വകാര്യ സംരംഭകർക്ക് ആകെ ഇൻവെസ്റ്റുമെന്റിന്റെ 50% പരമാവധി 10 ലക്ഷം രൂപ അനുവദിച്ചുവരുന്നു. നിലവിലുള്ള ഡീഫൈബറിംഗ് മില്ലുകൾ പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ പ്രവർത്തിക്കാതെ കിടക്കുന്ന ഡീഫൈബറിംഗ് മില്ലുകൾ മൂന്നു മാസത്തിനകം

പ്രവർത്തന സജ്ജമാക്കാൻ കയർ വകുപ്പ് നടപടി സ്വീകരിച്ച വരുന്നു. 350 സംഘങ്ങളിലെ 14000-ത്തോളം തൊഴിലാളികൾക്ക് മൂന്ന് വിവിധയിനം കയർ പിരിക്കുന്ന റാട്ടുകളിൽ പരിശീലനവും 7000 മോട്ടോറൈസ്ഡ് ട്രഡീഷണൽ റാട്ടുകളും നൽകിവരുന്നു. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ മൂന്നു മേഖലകളിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു. ഇവയുടെ പ്രവർത്തനം തൃപ്തികരമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഈ യന്ത്രങ്ങൾ വ്യാപകമായി സ്ഥാപിക്കുന്നതിന് പ്രോത്സാഹനവും സഹായവും നൽകുന്നു. അധിക കേന്ദ്ര സഹായ പദ്ധതി പ്രകാരം ഈ വർഷം 25 സ്പിന്നിംഗ് മെഷീനും 6 വീവിംഗ് മെഷീനും നൽകുന്നതിലേയ്ക്കായി 293-.65 ലക്ഷം രൂപ എൻ.സി.ആർ.എം.ഐ-യ്ക്ക് നൽകിയിട്ടുണ്ട്. മെച്ചപ്പെട്ട വീവിംഗ് യന്ത്രങ്ങളുടെ ടെക്നിക്കൽ സ്പെസിഫിക്കേഷനുകൾ എൻ.സി.ആർ.എം.ഐ തയ്യാറാക്കി വരുന്നു. സുനാമി പദ്ധതിയിൻകീഴിൽ കയർ തൊഴിലാളി ക്ഷേമ നിധി ബോർഡിന് 223.80 ലക്ഷം രൂപയുടെ പ്രോജക്ടുകൾ ലഭിച്ചതിൽ 184 ലക്ഷം രൂപ കേന്ദ്രവിഹിതമായും 29.85 ലക്ഷം രൂപ ബാങ്കിൽ നിന്നും ലഭിക്കുന്നതും 9.99 ലക്ഷം രൂപ ഉപഭോക്തൃ വിഹിതവുമാണ്. കയർ മേഖലയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ കേരളത്തിൽ തന്നെ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആലപ്പുഴയിൽ കയർ യന്ത്രനിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് ഒരു വർഷത്തിനകം പ്രവർത്തനം ആരംഭിക്കും. വൈവിദ്ധ്യവൽക്കരണം നടപ്പാക്കുന്നതിന്റെ

ഭാഗമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ വച്ച് എൻ.സി.ആർ.എം.ഐ യുടെ ആഭിമുഖ്യത്തിൽ തൊഴിലാളികൾക്ക് പരമ്പരാഗത കയറുൽപ്പന്നങ്ങളായ മർസൂക്ക് കാർപ്പെറ്റ്, ഫൈബർ മാറ്റ്സ്, ഫെൻഡർ എന്നിവ നിർമ്മിക്കുന്നതിൽ വിദഗ്ധ പരിശീലനം നൽകിവരുന്നു. RIAB-ന്റെ സഹകരണത്തോടെ എൻ.സി.ആർ.എം.ഐ 16 വിവിധയിനം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഡിസൈനുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ തെരെഞ്ഞെടുത്ത് നൽകിയ 10 എണ്ണം വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ RIAB-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ സങ്കര യാൺ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളും ഫോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ വൈക്കത്ത് കയർ കോമ്പസിറ്റ് ബോർഡ് സ്ഥാപിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്മെന്റ് സൊസൈറ്റിയും കയർഫെഡും സംയുക്തമായി കയർഫെഡിന്റെ ഉടമസ്ഥതയിൽ PVC tufted ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വൈവിദ്ധ്യവൽക്കരണത്തിനാവശ്യമായ ഡിസൈൻ സെന്റർ NID-യുടെ സഹായത്തോടെ ഫോം മാറ്റിംഗ്സ് (ഇന്ത്യ) സ്ഥാപിച്ചിട്ടുണ്ട്. സുശക്തമായ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയും ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കേരളത്തിലെ കയർ പൊതുമേഖലാ സ്ഥാപനങ്ങളുടേയും കയർഫെഡിന്റേയും ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ മുഖാന്തിരം വിറ്റഴിച്ചുകൊണ്ട് ഒരു പഞ്ചായത്തിൽ

ഒരു വിൽപനശാലയെങ്കിലും എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. 959 സഹകരണ സംഘങ്ങളെ തെരെഞ്ഞെ ടുക്കുകയും അവയിൽ 559 സംഘങ്ങളിലൂടെ വിൽപ്പന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ നഗരങ്ങളിലെ വിൽപ്പനശാലകൾ ആധുനീകരിക്കുന്നതിന്റെ ഭാഗമായി കയർ ഷോപ്പികളാക്കി മാറ്റിവരുന്നു. 2009-10 വർഷത്തെ പദ്ധതിപ്രകാരം കയർഫെഡ്, കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉൽപ്പാദകർ, സ്വകാര്യ സംരംഭകർ, തുച്ഛരായ സ്വകാര്യ കയറ്റുമതിക്കാർ തുടങ്ങി എല്ലാ പേരേയും ഉൾപ്പെടുത്തിക്കൊണ്ട് കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം/മാർക്കറ്റിംഗ് കമ്പനി ആരംഭിക്കാനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനുപുറമേ ദേശീയ അന്തർദേശീയ വിൽപ്പനമേളകളിൽ പങ്കെടുത്ത് മാർക്കറ്റിംഗ് ശക്തമാക്കുന്നതിനും ധനസഹായം നൽകി വരുന്നു. കൂടാതെ കൈത്തറി കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നവർക്ക് FOB വാല്യൂവിന്റെ 2.5% പ്രോത്സാഹനമായി നൽകാൻ ഉത്തരവായിട്ടുണ്ട്. 2009-10 വർഷം മുതൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാ ക്കുന്ന കയറ്റുമതി ഉൽപ്പന്ന വികസന വിപണന പദ്ധതി (കൈത്തറി കയറ്റു മതി പദ്ധതി) നടപ്പിലാക്കാൻ ബഡ്ജറ്റിൽ തുക വച്ചിട്ടുണ്ട്. ഇതിനു പുറമെ പ്രധാന നഗരങ്ങളിൽ ഉത്സവ കാലങ്ങളിൽ വിൽപ്പന മേളകളിൽ പങ്കെടുക്കു ന്നവർക്ക് നിബന്ധനകൾക്കു വിധേയമായി കയർ പൊതുമേഖലാ സ്ഥാപന ങ്ങൾ, കയർഫെഡ്, മാറ്റ്സ് & മാറ്റിംഗ് സംഘങ്ങൾ എന്നിവയ്ക്ക് വിൽപ്പന യുടെ 50% എക്സിബിഷൻ ഗ്രാന്റായും പുതിയ വിൽപ്പനശാലകൾ ആരംഭി

ക്കുന്നതിന് 50% പരമാവധി ഒരുലക്ഷം രൂപവരെ ഷോറൂം ഗ്രാന്റായും നൽകിവരുന്നു. കയർ മേഖലയുടെ സമഗ്ര പുനഃസംഘടന ലക്ഷ്യമാക്കി ശ്രീ. ആനത്തലവട്ടം ആനന്ദൻ എം.എൽ.എ ചെയർമാനായി രൂപീകരിച്ച കയർ കമ്മീഷൻ 10/10/08-ൽ സർക്കാരിനു റിപ്പോർട്ട് നൽകുകയും പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തു. ആഗോള സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സംസ്ഥാന സർക്കാർ സി.ഡി.എസ്.-നെ ചുമതലപ്പെടുത്തി നടത്തിയ പഠനത്തിൽ കയർ കയറ്റുമതി 20% വരെ ഇടിവുണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിനനുസൃതമായി തൊണ്ട് ചകിരി ലഭിക്കുന്നില്ല; കയർമേഖലയിലെ കുറഞ്ഞകൂലിയും കുറഞ്ഞ ഉൽപ്പാദന ക്ഷമതയും ഈ മേഖലയെ അനാകർഷകമാക്കി; കയർ സഹകരണ സംഘങ്ങളിലെ അടിസ്ഥാന സൗകര്യകുറവ്; ശക്തമായ വിപണന സാദ്ധ്യതയുടെ അഭാവം; കയർ സഹകരണ സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും കുറഞ്ഞനിരക്കിൽ വായ്പ ലഭിക്കുന്നതിനുള്ള സംവിധാനത്തിന്റെ അഭാവം; ആധുനികവൽക്കരണത്തിന്റെ അഭാവം, അനാകർഷകമായ തൊഴിൽ സാഹചര്യങ്ങൾ എന്നിവയാണ് കയർ കമ്മീഷന്റെ പ്രധാന കണ്ടെത്തലുകൾ. കയർ കമ്മീഷൻ നൽകിയ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു:

> തൊണ്ട് സംഭരണത്തിനായി തൊണ്ട് സംഭരണ കമ്മറ്റികൾ/തൊണ്ട് സംഭരണ സംഘങ്ങൾ/കൺസോർഷ്യം രൂപീകരിക്കുകയും ഒരു തൊണ്ടിന് 10 പൈസ നിരക്കിൽ ഇൻസെന്റീവ്/സബ്സിഡി നൽകുകയും ചെയ്യുക;
>
> ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി പുതിയതായി 100 ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനും ഡീഫൈബറിംഗ് മില്ലുകൾക്ക് 50% വൈദ്യുതി സബ്സിഡി നൽകുന്നതിനും പ്രവർത്തനരഹിതമായ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകുക;

സഹകരണ സംഘങ്ങൾ പുനസംഘടിപ്പിക്കുന്നതിനും പ്രവർത്തന ക്ഷമമല്ലാത്ത സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിനും സംഘം തൊഴിലാളികളുടെ ത്രിഫ്റ്റ് മടക്കി നൽകുന്നതിനും സംഘം ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി നൽകുന്നതിനും സർക്കാർ ധനസഹായം നൽകുകയും കയർ സംഘങ്ങളുടെ ആഡിറ്റ് കയർ വികസന വകുപ്പിന് നൽകുകയും ചെയ്യുക;

ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുക;

വില സ്ഥിരതാഫണ്ട് ഏർപ്പെടുത്തുക;

അനുപം ലൂം, അനുഗ്രഹ ലും എന്നീ ഉൽപ്പാദനക്ഷമത കൂടിയ ലൂമുകൾ സ്ഥാപിക്കുകയും ആവശ്യമായ ഗ്രാന്റുകൾ സർക്കാർ നൽകുകയും ചെയ്യുക;

റോ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുക;

കയർപിരി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;

ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തി തൊഴിലാളികൾക്ക് വേണ്ടി കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുക;

കയർത്തൊഴിലാളികളെയെല്ലാം ഇ.എസ്.ഐ. പരിധിയിൽ കൊണ്ടുവരികയും തൊഴിലാളികൾക്ക് മുഴുവനും ഇൻഷ്വറൻസ് പരിരക്ഷ നൽകുകയും പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കയർ മേഖലയിൽ സഹായം നൽകുന്നതിനുള്ള വ്യവസ്ഥ ഡിസാസ്റ്റർ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുക;

റിമോട്ട് പദ്ധതിയിൽ കയർ സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി പദ്ധതിയിൽ ഭേദഗതി വരുത്തുവാൻ കയർ ബോർഡിനോട് ശുപാർശ ചെയ്യുക.

കയർമേഖലയിലെ പദ്ധതികൾ ഏറ്റെടുത്തുനടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുക;

കയർ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്ന ചുമതലയല്ലാതെ മറ്റ് ചുമതലകളൊന്നും ഏറ്റെടുക്കാതെ കയർഫെഡിന്റെ മുഴുവൻ ശ്രദ്ധയും മാർക്കറ്റിംഗിൽ കേന്ദ്രീകരിക്കുക;

നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കുകയും വേഗത്തിൽ കായ്ഫലം തരുന്നതും അധികം പൊക്കമില്ലാത്തുമായ തെങ്ങിൻ തൈകൾ വ്യാപകമായി വച്ച് പിടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുക;

ചെറുകിട ഉൽപ്പാദകർക്കും കയർ സഹകരണ സംഘങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ ബാങ്കുകൾക്ക് സർക്കാൻ നിർദ്ദേശം നൽകുക;

ചെറുകിട ഉൽപ്പാദകർക്കായി കടാശ്വാസം ഏർപ്പെടുത്തുകയും അവർക്ക് കുറഞ്ഞ പലിശയ്ക്ക് ബാങ്ക് വായ്പ നൽകാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക;

ഗവേഷണ വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തുകയും കൂടുതൽ പരിശീലനങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തുകയും കയർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പോളിടെക്നിക്കുകൾ, ഐ.റ്റി.ഐ.കൾ എന്നിവയിൽ ഉൾപ്പെടുത്തുകയും ചെയ്യുക;

കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക;

കയർ വികസന വകുപ്പ് വ്യവസായ വകുപ്പിൽ നിന്ന് മാറ്റി പ്രത്യേക സ്വതന്ത്ര വകുപ്പ് ആക്കുകയും കയർ വികസന ഡയറക്ടറേറ്റ്, കയർ പ്രോജക്ട് ഓഫീസുകൾ, കയർ ഇൻസ്പെക്ടർ ഓഫീസുകൾ എന്നിവയെ കയർ മേഖലയുടെ ഫെസിലിറ്റേറ്റർ റോളിലേയ്ക്ക് മാറ്റിയെടുക്കുകയും ചെയ്യുക;

വിപണന സാധ്യതകൾ വിപുലമാക്കുന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം/മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കുക;

കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;

കയർ ഉൽപ്പന്നങ്ങൾ പുതിയ ഡിസൈനിലും പാറ്റേണിലും വികസിപ്പിക്കുകയും വൈവിധ്യവൽക്കരണത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക;

കയർമേഖലയ്ക്ക് ആവശ്യമായ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പുതിയ ഫാക്ടറി ആലപ്പുഴയിൽ സ്ഥാപിക്കുക;

സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാതൃകയിൽ കയർമന്ത്രി ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധനെ വൈസ് ചെയർമാനുമായി ഈ മേഖലയ്ക്ക് ആവശ്യമായ നയങ്ങൾ രൂപീകരിക്കുന്നതിനായി അപ്പെക്സ് ബോഡി ഫോർ കയർ (ABC) രൂപീകരിക്കുക;

കയർ തൊഴിലാളിക്ക് തൊഴിൽ മാന്യത ഉറപ്പുവരുത്തുക.

കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി കൂലി കുറവുണ്ടായിരുന്ന ചില പ്രദേശങ്ങളിൽ കൂലി വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട്. കയർപിരി മേഖലയിൽ ഒരു തൊഴിലാളിക്ക് ദിവസം 100 രൂപ കിട്ടണമെന്ന് ഉറപ്പ് വരുത്തുന്ന രീതിയിൽ കൂലിയും കയറിന്റെ വിലയും വർദ്ധിപ്പിച്ചു നിശ്ചയിച്ചു. ഉല്പന്നമേഖലയിലെ കുറഞ്ഞ കൂലി ഉണ്ടായിരുന്ന പല ഇനങ്ങളുടേയും കൂലി ഗണ്യമായി വർദ്ധിപ്പിച്ചു. ചില ഇനങ്ങൾക്ക് 56% വരെ വർദ്ധനവ് അംഗീകരിച്ചു. ഇതോടൊപ്പം ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ മൂന്നിനം കയർ ഉൽപാദനം നടത്താനുതകുന്ന റാട്ടുകൾ കയർ സഹകരണ സംഘങ്ങൾക്ക് നൽകുകയും പരിശീലനം നൽകുകയും ചെയ്തു. കൂടാതെ കൂടുതൽ ഉൽപ്പാദനം ലഭിക്കുന്ന സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ സ്പിന്നിംഗ് മെഷീനുകളും, വിവിധയിനം കയർ പിരിക്കാൻ കഴിയുന്ന റാട്ടുകളും നൽകി ഉല്പാദനം വർദ്ധിപ്പിച്ച് അതിലൂടെ കൂടുതൽ വേതനവും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർതൊഴിലാളി പെൻഷൻ 2009 ഏപ്രിൽ മുതൽ 250 രൂപയാക്കി വർദ്ധിപ്പിക്കുകയും കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. ക്ഷേമനിധി ബോർഡു വഴി നൽകി വന്നിരുന്ന ആനുകൂല്യങ്ങൾ മൂന്നിരട്ടിയിലധികമായി വർദ്ധിപ്പിച്ചു. 2009-10 വർഷം ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ ഒരു വൃദ്ധസദനം ആരംഭിക്കുന്നതിന് 50 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കയറുല്പന്നങ്ങൾ എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും ഉപയോഗിക്കുന്നതിന് ശ്രമിക്കുന്നതാണെന്നും ഈ

ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 22 കോടി രൂപയുടെ distress purchase നടത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

33 (*274) മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പട്ടികജാതിക്കാർക്ക് പരിശീലനം

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, പട്ടികജാതി യുവതീയുവാക്കളെ വിവിധ മത്സരപരീക്ഷകൾക്ക് സജ്ജരാക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട് (കുഴൽമന്ദം), കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന പി.ഇ.റ്റി.സി.കളിൽ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പ്രവേശനത്തിനുള്ള കുടുംബ വാർഷിക വരുമാന പരിധി 44,500 രൂപയിൽ നിന്നും 1,00,000 രൂപയായി ഉയർത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ, സ്റ്റാഫ് സെലക്ഷൻ ബോർഡ്, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങിയ വിവധ നിയമന ഏജൻസികൾ നടത്തുന്ന വിവിധ തസ്തികകളിലേയ്ക്കുള്ള മത്സരപരീക്ഷകളിൽ പങ്കെടുത്ത് വിജയം കൈവരിക്കുന്നതിന് പട്ടികജാതി യൂവതീയൂവാക്കളെ സജ്ജരാക്കുന്നതിന് ലക്ഷ്യമിട്ടാണ് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇതിന് പുറമേ ഹ്രസ്വ/ദീർഘകാല കോഴ്സുകളായ ഡി.റ്റി.പി., ഡാറ്റാഎൻട്രി തുടങ്ങിയ കമ്പ്യൂട്ടർ കോഴ്സുകളും സ്റ്റെനോഗ്രാഫി കോഴ്സും നടത്തുന്നു. മുൻസിഫ്/ മജിസ്ട്രേറ്റ് പരീക്ഷ., മെഡിക്കൽ, എഞ്ചിനീയറിംഗ്, എൽ.എൽ.ബി. എൻട്രൻസ് പരീക്ഷകൾക്ക് പങ്കെടുക്കുന്ന വർക്കും പരിശീലനം നൽകിവരുന്നു. കൂടാതെ സിവിൽ സർവ്വീസ്

പരീക്ഷയ്ക്ക് പരിശീലനം നൽകുവാൻ തിരുവനന്തപുരത്ത് പി.ററി.പി നഗറിൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ഐ.സി.എസ്.ഇ.റ്റി.എസ്.) പ്രവർത്തിക്കുന്നു. പ്രവേശന പരീക്ഷയുടെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ ഒരോ വർഷവും പരമാവധി 30 കുട്ടികൾക്ക് ഇവിടെ പരിശീലനം നൽകുന്നു. ഇതിൽ 50% പട്ടി കജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കും 30% പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും 10% സമീപ സംസ്ഥാനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 10% ഇതര ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കുമായി പ്രവേശനം നൽകിവരുന്നു. ഇതുകൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷയ്ക്കു തയ്യാറാകാ നുള്ള പ്രത്യേക പരിശീലന പരിപാടിയും നടപ്പാക്കിയിട്ടുണ്ട്. സമഗ്രമായ ട്രെയിനിംഗ് കലണ്ടറിന്റെ അഭാവം, വിവിധ ജില്ലകളിൽ നിന്നും എത്തുന്ന വർക്ക് താമസസൗകര്യമില്ലായ്മ എന്നിവയാണ് പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതിന് ഇടയാക്കിയത്. 2008-2009 വർഷം ഇതിന് കാര്യമായി പരിഹാരം കണ്ടെത്തുന്നതിന് കഴിഞ്ഞതിനാൽ മുൻ വർഷങ്ങളിലേക്കാൾ കൂടുതൽ കുട്ടികൾക്ക് പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. സമഗ്രമായ ഒരു ട്രെയിനിംഗ് കലണ്ടർ തയ്യാറാക്കി വർഷാരം ഭത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന പരിപാടി മുൻകൂറായി തന്നെ പ്രസിദ്ധീകരി ക്കുമെന്നതിനാൽ യഥാസമയം തന്നെ അപേക്ഷ സമർപ്പിക്കുന്നതിന് കഴിയും. പി.ഇ.റ്റി.സികളിലെ ഡേ സ്കോളേഴ്സിന് പ്രതിമാസം 400 രൂപ നിരക്കിലും ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർക്ക് 600 രൂപ നിരക്കിലും പ്രതിമാസ സ്റ്റൈപ്പന്റ് നൽകി വരുന്നു. ഐ.സി.എസ്.ഇ.റ്റി.എസ്.-ൽ കുട്ടികൾക്ക്

സൗജന്യ താമസസൗകര്യവും പ്രതിമാസം 900 രൂപ മെസ് അലവൻസും 250 രൂപ പോക്കറ്റ് മണിയും ഡേ സ്കോളേഴ്സിന് പ്രതിമാസം 500 രൂപ സ്റ്റൈപ്പന്റും നൽകിവരുന്നു. അതിനുപുറമെ ഒരോ ട്രെയിനിക്കും ഒറ്റത്തവണയായി 2000 രൂപ പുസ്തക അലവൻസ് നൽകുന്നു. പോക്കറ്റ്മണിയും മെസ് അലവൻസും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സമഗ്രമായ ട്രെയിനിംഗ് കലണ്ടർ പ്രസിദ്ധപ്പെടുത്തിയും പത്ര മാധ്യമങ്ങൾ വഴിയും, റേഡിയോ വഴിയും, എസ്.സി. പ്രൊമോട്ടർമാർ വഴിയും പ്രചാരണം നടത്തി കൂടുതൽ കുട്ടികളെ പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് നൽകിയിട്ടുണ്ട്. ഓരോ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റേയും സബ്സെന്റർ പ്രധാന നഗരങ്ങളിലും ജില്ലാ ആസ്ഥാനങ്ങളിലും ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2229 മുതൽ 2452 വരെയുള്ള ചോദ്യങ്ങളിൽ 216 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)